भारतीय गैर न्यायिक

पचास रुपये ₹.50 | भारत | सत्यमेव जयते | INDIA | FIFTY RUPEES Rs.50

INDIA NON JUDICIAL

കേരളം केरल KERALA

BR 989603

കൊല്ലം 1194 കുംഭം 23 ഇരുപത്തിമൂന്ന് 2019 രണ്ടായിരത്തി പത്തൊമ്പതാമാണ്ട് മാർച്ച് മാസം 7 ഏഴാംതീയതി വടകര താലൂക്ക് വളയം അംശം ജാതിയേരി ദേശത്ത് ചെറിയണ്ടച്ചാലിൽ ഇബ്രാഹിം ഹാജി മക്കൾ 62 വയസ്സ് 1.മുഹമ്മദ്, 57 വയസ്സ് 2. മൊയ്തു മേപ്പടി ദേശത്ത് മണ്ണാട്ടുകുണ്ടയിൽ താമസിക്കും മുഹമ്മത് മകൻ 70 വയസ്സ് 3. ആലായിൽ അബ്ദുള്ള ഇവരുകൂടി ഒന്നാം പാർട്ടിയായും FOCUZ MEDICARE & HOLIDAYS, Managing Director എന്ന നിലയിൽ കൊണ്ടോട്ടി താലൂക്ക് ആന്തിയൂർക്കുന്ന് അംശം ദേശത്ത് ടി.സി.അബ്ദുൽ മജീദ് മകൻ 39 വയസ്സ് മുഹമ്മദ് മുനവ്വർ എന്നവർ രണ്ടാംപാർട്ടിയായും എഴുതിയ ലൈസൻസ് എഗ്രിമെന്റ്.

ഒന്നാംപാർട്ടിക്ക് ജന്മാവകാശ കൈവശമായതും ഉടമാവകാശമായതും ഒന്നാംപാർട്ടിയുടെ യഥാർത്ഥ കൈവശത്തിലിരിക്കുന്നതും കൊണ്ടോട്ടി അംശം കൊളത്തൂർ ദേശത്ത് കൊണ്ടോട്ടി മുനിസിപ്പാലിറ്റിയിൽ 1/366 നമ്പ്രായ റൂം ലൈസൻസറായ ഒന്നാംപാർട്ടി രണ്ടാംപാർട്ടിക്ക് ലൈസൻസി എന്ന നിലയിൽ മാത്രം ഇന്നു മുതൽ 11 പതിനൊന്ന് മാസത്തേക്ക് ഉപയോഗിപ്പാൻ അനുവദിച്ചതിനുള്ള നിശ്ചയങ്ങൾ താഴെ കാണിച്ച പ്രകാരമാകുന്നു

<u>നിശ്ചയങ്ങൾ:</u>

1.ഇതു വെറും ഒരു ലൈസൻസ് മാത്രമാണ്. ലൈസൻസ് കപ്പിൾഡ് വിത്ത് ഇന്ററസ്റ്റോ, ലീസ്സോ, മറ്റു വല്ല അറേഞ്ചുമെന്റോ അല്ല. ഇപ്പോഴുള്ള നിയമങ്ങൾക്കനുസരിച്ചോ മേലാൽ ഉണ്ടാകുവാനിടയുള്ള നിയമങ്ങൾക്കനുസരിച്ചോ ഇത് ഒരു ലീസ്സാണെന്നും മറ്റും വാദിപ്പാൻ ലൈസൻസിക്കവകാശമില്ല.

ലൈസൻസർ: 1-Mohamed [signature]
2 Moidu [signature]
3 ABDULLA [signature]

ലൈസൻസി: T.C Mohamed Munavar [signature]

4.0547 Kerala Rs 50
7.3.19
Focus Medi Care and Holidays
Managing Director Mohammed Munavar T.C
Kondotty, Anthiyoorkunnu

Chevayur
Stamp Vendor
SABITHA

ADDL SUB TREASURY KOZHIKODE 05 MAR 2019

भारतीय गैर न्यायिक

भारत

पचास रुपये रु.50

FIFTY RUPEES Rs.50

सत्यमेव जयते

INDIA

INDIA NON JUDICIAL

കേരളം केरल KERALA

BR 989604

2. 11 പതിനൊന്ന് മാസത്തേക്ക് മേപ്പടി നമ്പറിട്ട മുറിക്കു നിശ്ചയിച്ച ലൈസൻസ് ഫീസ് 70125ക.(എഴുപതിനായിരത്തി ഒരുന്നൂറ്റി ഇരുപത്തഞ്ച് രൂപ)മാസവീതം 6375ക.( ആറായിരത്തി മുന്നൂറ്റി എഴുപത്തഞ്ച് രൂപ പ്രകാരം 2-ാം പാർട്ടിയായ ലൈസൻസി ഒന്നാം പാർട്ടിയായ ലൈസൻസർക്ക് കൊടുത്തു തീർക്കേണ്ടതുമാ കുന്നു. മേൽപ്പറഞ്ഞ ലൈസൻസ് ഫീക്കു പുറമെ മുറിയുടെ വൈദ്യുതി ചാർജ്ജ് 2-ാം പാർട്ടി അടച്ചു തീർക്കുവാൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ തുടർച്ചയായി മാസവീതം കൊടുക്കേണ്ട ലൈസൻസ് ഫീ 3 മൂന്ന് മാസം രണ്ടാം പാർട്ടി അടക്കാതെ വീഴ്ച വരുത്തിയാൽ ലൈസൻസ് അവസാനിച്ചതായി കണക്കാ ക്കുന്നതാണ്.

3. ഈ ലൈസൻസ് അവകാശം കൈമാറുവാൻ പാടില്ലാത്തതും കൈമാറിയാൽ ആയത് സ്വതവെ റദ്ദാവുന്നതുമാണ്.

4. രണ്ടാം പാർട്ടി ഏറ്റുവാങ്ങിയ മുറി FOCUZ MEDICARE & HOLIDAYS എന്ന സ്ഥാപനം നടത്തുന്ന ആവശ്യത്തിന് ഉപയോഗിക്കാവുന്നതല്ലാതെ സർക്കാർ നിരോധിച്ച പ്രവർത്തനങ്ങൾ ചെയ്യുവാനോ മറ്റ് ആവശ്യത്തിന് ഉപയോഗിക്കുവാനോ രണ്ടാംപാർട്ടിക്ക് അധികാരമില്ലാത്തതും ആകുന്നു.

ലൈസൻസർ:

1- Mohamed (signature)

2. Moidu (signature)

3. ABDULLA (signature)

ലൈസൻസി:

(signature)

T-C Mohamed Munavar (signature)

No: 4054 Kerala rs 50

Date: 7.3.19

Name: Focus Medi care and Holidays

Managing Director. Mohammed Munavar. T.C

Kondotty. Andhiyoorkunnu

S.R.O. Chev...

Stamp Vendo...

T. SABITHA...

(signature)

ADDL. SUB TREASURY

05 MAR 2019

KOZHIKODE

भारतीय गैर न्यायिक

भारत

पचास रुपये रु.50

FIFTY RUPEES Rs.50

सत्यमेव जयते

INDIA

INDIA NON JUDICIAL

കേരളം केरल KERALA

BR 989605

5.അവധി കഴിയുന്നതോടുകൂടി ലൈസൻസ് അവസാനിപ്പിക്കുന്നതാണ്. ഇരുപാർട്ടിക്കാർക്കും സമ്മതമാണെങ്കിൽ മാത്രം രേഖാമൂലം അവധി നീട്ടാവുന്നതും ഓരോ വർഷം കൂടുംതോറും 5%വാടക വർദ്ധിപ്പിച്ച് രണ്ടാംപാർട്ടി ഒന്നാംപാർട്ടിക്ക് നൽകേണ്ടതാണെന്നും അങ്ങനെ നീട്ടിയ കാലാവധിക്കും പുതുനിശ്ചയങ്ങൾ വല്ലതുമുണ്ടെങ്കിൽ അവക്കും ഈ എഗ്രിമെന്റിലെ നിശ്ചയങ്ങൾ ബാധകമാകുന്നതാണ്. ലൈസൻസ് ഫീയുടെ ഉറപ്പിലേക്കും കെട്ടിടം കേടുപാട് വരുത്താതിരിക്കുവാനും മേപ്പടി നമ്പറിട്ട മുറിക്ക് സെക്യൂരിറ്റിയായ 50,000ക.(അമ്പതിനായിരംരൂപ) പലിശയില്ലാതെയുള്ള ഡെപ്പോസിറ്റ് ആയി രണ്ടാം പാർട്ടി ഇതു സഹിതം ഒന്നാം പാർട്ടിക്ക് കൊടുത്തിരിക്കുന്നു. ആയത് ഒന്നാം പാർട്ടിക്ക് കിട്ടി ബോദ്ധ്യപ്പെടുകയും ചെയ്തിരിക്കുന്നു.

6. അവധികഴിഞ്ഞാലും മറ്റുകാരണങ്ങളാൽ ലൈസൻസ് അവസാനിപ്പിച്ചാലും റദ്ദായാലും രണ്ടാം പാർട്ടിക്ക് കെട്ടിടമുറിയിലേക്കുള്ള പ്രവേശനം നിരോധിക്കപ്പെടുന്നതും ഒന്നാം പാർട്ടിയുടെ അനുവാദത്തോടെ രണ്ടാം പാർട്ടിയുടെ വക ജംഗമ സ്വത്തുക്കൾ നീക്കം ചെയ്യേണ്ടതുമാകുന്നു. അതിന് രണ്ടാം പാർട്ടി വിസമ്മതിച്ചാൽ വ്യവഹാരത്താൽ പ്രവേശനം നിരോധിക്കാൻ ഒന്നാം പാർട്ടിക്ക് അധികാരവകാശമുള്ളതും ആയത് എതിർക്കുവാൻ രണ്ടാം പാർട്ടിക്ക് അവകാശമില്ലാത്തതുമാകുന്നു.

ലൈസൻസർ: 1- Mohamed

2 madu

3 ABDULLA

ലൈസൻസി:

T C Mohamed Muneer

No: 40549 Kerala Rs 50

Date: 7.3.19

Name: Focus Medi care and Holidays Managing Director. Mohammed Munavar T.C Kondotty, Anthiyoorkunnu

S.R.O. Chevayur
Stamp Vendor
T. SABITHA

ADDL. SUB TREASURY
05 MAR 2019
KOZHIKODE

भारतीय गैर न्यायिक

भारत

पचास रुपये रु.50

FIFTY RUPEES Rs.50

सत्यमेव जयते

INDIA

INDIA NON JUDICIAL

കേരളം केरल KERALA

BR 989606

7. ലൈസൻസ് കാലാവധി തീരുന്ന തീയതിക്ക് ലൈസൻസ് അവസാനിപ്പിച്ച് നോട്ടീസ് ആവശ്യപ്പെടുവാൻ 2-ാം പാർട്ടിക്ക് അവകാശമില്ലെന്നും അത്തരം നോട്ടീസ് തന്നില്ലെന്നു പറഞ്ഞ് വ്യവഹാരം ബോധിപ്പിക്കാവുന്നതല്ലെന്നും അവധിക്ക് 2-ാം പാർട്ടിയുടെ ഉപയോഗം നിർത്താത്തപക്ഷം കെട്ടിട മുറിയിൽ പ്രവേശിച്ച് കെട്ടിട മുറി ഉപയോഗിക്കുവാനും സാധനങ്ങൾ എടുത്തു മാറ്റുവാനും ഒന്നാം പാർട്ടിക്ക് അവകാശമുണ്ടായിരിക്കുമെന്നും അതിനെ ചോദ്യം ചെയ്യാവുന്നതല്ലെന്നും ഇതിനാൽ നിശ്ചയിച്ചിരിക്കുന്നു.

മേൽ നിശ്ചയങ്ങളെല്ലാം സമ്മതിച്ചും സ്വീകരിച്ചും ഇരുപാർട്ടിക്കാരും താഴെ ഒപ്പിട്ട സാക്ഷികൾ മുഖേന ഇതിൽ ഒപ്പിട്ടിരിക്കുന്നു.

ലൈസൻസർ:

1- Mohamed

2 moidu

3 ABDULLA

ലൈസൻസി:

T.C Mohamed Munavar

സാക്ഷികൾ:

1. മൈമൂദീൻ

2.

No: 40558 Kerala Rs 50

Date: 7.3.19

Name: Focus Medi care and Holidays Managing Director. Mohammed Munavar. T.C Kondooty. Anthiyoorkunnu

S.R.O. Chev
Stamp Vend
T. SABITHA

ADDL. SUB TREASURY
05 MAR 2019
KOZHIKODE